# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 503

2015 മാർച്ച് 10-ാം തീയതി മറുപടി നല്കേണ്ടത്

**കുടിശ്ശിക തുക**

**ചോദ്യം**

**ഉത്തരം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) വിവിധ വകുപ്പുകളിലെ കരാറുകാർക്ക്, ഇപ്പോഴത്തെ കണക്കനുസരിച്ച്, കൊടുത്ത് തീർക്കാനുളള തുക എത്രയാണെന്നു വിശദമാക്കാമോ; | ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.01.2014 മുതൽ 30.11.2014 വരെ 1582.36 കോടി രൂപയും, ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയും, ജലവിഭവ വകുപ്പിൽ 01.01.2014 മുതൽ 31.08.2014 വരെ 110.78 കോടി രൂപയും ഉൾപ്പെടെ ആകെ 2104.85 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്. |
| ബി) കുടിശ്ശിക തുക കൊടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | കരാറുകാർക്ക് ബില്ലുകൾ മാറുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി ജി.ഒ.(പി) നം. 97/2015/ധന. തീയതി 25.02.2015, പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിതശതമാനം തുക ബാങ്കുകൾ ഡിസ്കൗണ്ട് ചെയ്തതിനുശേഷം ബാക്കി തുക നല്കുന്നു. |

| | |
|---|---|
| | ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുകയുടെ 25% ബാധ്യത സർക്കാർ വഹിക്കുന്നതാണ്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.1704/2015/ധന. തീയതി 02.03.2015 പ്രകാരം 2014 ജനുവരി മാസത്തെ ബില്ലുകൾ സംബന്ധിച്ച ലെറ്റർ ഓഫ് ക്രെഡിറ്റ് 2015 മെയ് മാസത്തിലും, 2014 ഫെബ്രുവരി മാസത്തെ ബില്ലുകൾ 2015 ജൂൺ മാസത്തിലും, 2014 മാർച്ചു മാസത്തെ ബില്ലുകൾ 2015 ജൂലൈ മാസത്തിലും, 2014 എപ്രിൽ മാസത്തെ ബില്ലുകൾ 2015 ഓഗസ്റ്റ് മാസത്തിലും നൽകുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ഈ കാലയളവിലെ ബില്ലുകൾ മാറുന്നതിന് കരാറുകാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ